# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 348 — 10.04. 2013 -ൽ മറുപടിയ്ക്ക്

## ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |

(എ) സംസ്ഥാനത്ത് ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(എ) & (ബി) ഉണ്ട്. നിലവിൽ ടൗൺ പ്ലാനിംഗ് ആക്ട് 1108 ME, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 1120 ME, മദ്രാസ് ടൗൺപ്ലാനിംഗ് ആക്ട് 1920 എന്നിവയും ടി ആക്ടുകൾക്കു കീഴിൽ തയ്യാറാക്കിയ ചട്ടങ്ങളും പ്രകാരമാണ് നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കി വരുന്നത്. പ്രസ്തുത നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്ത് ഒട്ടാകെ ബാധകമാകുന്ന കേരളാ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ശാസ്ത്രീയമായ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ടും, ഇന്ത്യൻ ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് അനുയോജ്യമായ വിധമാക്കിക്കൊണ്ടും സംസ്ഥാനത്ത് ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ നഗരഗ്രാമ പ്രദേശങ്ങളുടെ വളർച്ച ക്രമീകരിക്കുക/നിയന്ത്രിക്കുക എന്നിവയും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) മേല്പറഞ്ഞ ആവശ്യത്തിലേക്കായി നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച നിയമനിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

(സി) & (ഡി) മേല്പറഞ്ഞ ആവശ്യത്തിലേയ്ക്കായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ നഗരഗ്രാമാസൂത്രണ വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ